# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 22 തിങ്കൾ

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ഒഴുക്കിൽപ്പെട്ട് ഒരു മരണം;
## രണ്ട് വീടുകൾ തകർന്നു

ജില്ലയിൽ കനത്ത മഴയെ തുടർന്ന് തോട്ടിൽ ഒഴുക്കിൽപ്പെട്ട് യുവാവ് മരിച്ചു. ഞായറാഴ്ച മാള കരിങ്ങോൾച്ചിറ തോട്ടിൽ ഒഴുക്കിൽപ്പെട്ട് മുകുന്ദപുരം താലൂക്കിൽ പുത്തൻചിറ വില്ലേജിൽ തോർക്കയിൽ വീട്ടിൽ വിഷ്ണു (19) ആണ് മരിച്ചത്. മാല്യങ്കര എസ്എൻഎം കോളേജ് വിദ്യാർത്ഥിയാണ്. മാള-കൊടുങ്ങല്ലൂർ ഫയർഫോഴ്സ് നടത്തിയ തിരച്ചിലാണ് കാണാതായി ഒരു മണിക്കൂറിനകം മൃതദേഹം കണ്ടെത്തിയത്.

കനത്ത മഴയിൽ രണ്ട് വീടുകൾ തകർന്നു. തൃശൂർ താലൂക്കിൽ കൊഴുക്കുള്ളി വില്ലേജിൽ കുന്നത്ത് രവീന്ദ്രന്റെ ഓട് മേഞ്ഞ വീട് മഴയിൽ പൂർണമായും തകർന്നു. ചാവക്കാട് താലൂക്കിൽ തൈക്കാട് വില്ലേജിൽ പാലു വായിൽ ദേശത്ത് രായം മരക്കാർ വീട്ടിൽ അബ്ദുൾ നൗഷാദിന്റെ വീട് ഭാഗികമായി തകർന്നു. ആകെ 225000 രൂപയുടെ നാശനഷ്ടമാണ് രണ്ട് വീടുകൾക്കുമായി കണക്കാക്കിയിട്ടുള്ളത്. കാലവർഷക്കെടുതിയെ തുടർന്ന് കെഎസ്ഇബിയ്ക്ക് 96450 രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. തിങ്കളാഴ്ച വൈകീട്ട് മൂന്ന് മണിയിലെ കണക്ക് പ്രകാരം ജില്ലയിൽ കഴിഞ്ഞ 24 മണിക്കൂറിനകം 46.51 മില്ലിമീറ്റർ മഴ രേഖപ്പെടുത്തി.

പുതുതായി ആരംഭിച്ച രണ്ട് ക്യാമ്പുകൾ ഉൾപ്പെടെ ആകെ എഴ് ദുരിതാശ്വാസക്യാമ്പുകളാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. നിലവിൽ 26 കുടുംബങ്ങളിലായി 90 അംഗങ്ങളാണ് ക്യാമ്പുകളിൽ കഴിയുന്നത്.

നിലവിൽ ജില്ലയിൽ ഡാമുകളുടെ ജല നിരപ്പ് രാവിലെ പത്ത് മണിയിലെ കണക്ക് പ്രകാരം പീച്ചി (66.62), ചിമ്മിനി (56.24), വാഴാനി (49.97), പെരിങ്ങൽക്കുത്ത്(420.10), ഷോളയാർ (2663) എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജലനിരപ്പ് ക്രമീകരിക്കാനായി പെരിങ്ങൽക്കുത്ത് ഡാമിൽ നിന്ന് ശനിയാഴ്ച മുതൽ ജലം ചാലക്കുടിപ്പുഴയിലേക്ക് തുറന്നുവിടുന്നുണ്ട്.

## മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുത്

കേരള തീരത്തേക്ക് പടിഞ്ഞാറ് ദിശയിൽ നിന്ന് മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാനുള്ള സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു. കടൽ പ്രക്ഷുബ്ധമോ അതിപ്രക്ഷുബ്ധമോ ആവാൻ സാധ്യതയുള്ളയതിനാൽ മൽസ്യത്തൊഴിലാളികൾ കടലിൽ പോകാൻ പാടുള്ളതല്ലെന്ന് മുന്നറിയിപ്പ് നൽകി.

താഴെ പറയുന്ന സമുദ്രപ്രദേശങ്ങളിൽ മത്സ്യബന്ധനത്തിനായി പോകരുതെന്ന് നിർദേശിക്കുന്നു: ജൂലൈ 23 വരെ പടിഞ്ഞാറൻ ദിശയിൽനിന്ന് മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാനിടയുള്ള കേരള, കർണാടക, തെക്കൻ തമിഴ്നാട്, ലക്ഷദ്വീപ് തീരങ്ങൾ. ജൂലൈ 23 വരെ തെക്ക് പടിഞ്ഞാറൻ ദിശയിൽനിന്ന് മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ള തെക്ക്-പടിഞ്ഞാറൻ അറബിക്കടൽ, മധ്യ അറബിക്കടൽ. ജൂലൈ 24 മുതൽ ജൂലൈ 26 വരെ തെക്ക് പടിഞ്ഞാറൻ ദിശയിൽ നിന്ന് മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാനിടയുള്ള മധ്യ-പടിഞ്ഞാറൻ അറബിക്കടൽ, തെക്ക്-പടിഞ്ഞാറൻ അറബിക്കടൽ.

## ഉയർന്ന തിരമാലകൾക്ക് സാധ്യത

ജൂലൈ 23ന് രാത്രി 11.30 വരെ പൊഴിയൂർ മുതൽ കാസറഗോഡ് വരെയുള്ള കേരള തീരത്ത് 3.5 മുതൽ 4.1 മീറ്റർ വരെ ഉയരത്തിൽ തിരമാലകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതിപഠന കേന്ദ്രം അറിയിച്ചു.

## തൃശൂർ കോർപ്പറേഷൻ കുറ്റമറ്റ മാസ്റ്റർ പ്ലാൻ രൂപീകരിക്കും: മന്ത്രി എ സി മൊയ്തീൻ

തൃശൂർ കോർപ്പറേഷൻ മാസ്റ്റർ പ്ലാനിലെ അപ്രായോഗിക നിർദ്ദേശങ്ങൾ പിൻവലിച്ച് കൊണ്ട് കുറ്റമറ്റ മാസ്റ്റർ പ്ലാൻ രൂപീകരിക്കുമെന്ന് കെട്ടിട നിർമ്മാണനുമതിയുമായി ബന്ധപ്പെട്ട് നടത്തിയ തൃശൂർ കോർപ്പറേഷൻ അദാലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ പറഞ്ഞു. കോർപ്പറേഷൻ തലത്തിൽ മന്ത്രിതല അദാലത്തും മുനിസിപ്പാലിറ്റി അടക്കമുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥതല അദാലത്തും നടന്നു. പെർമിറ്റ് ലഭ്യമാക്കിയ ശേഷം ചട്ടലംഘനം നടത്തി നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടങ്ങളെക്കുറിച്ച് അന്വേഷിക്കും. പ്ലാനുകൾ സമർപ്പിക്കുന്നതിനായുള്ള സോഫ്റ്റ് വെയറിൽ അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കും. വ്യവസായ സംരംഭങ്ങൾക്കായുള്ള ഏകജാലക സംവിധാനം കാര്യക്ഷമമാക്കും. എല്ലാ പെർമിറ്റുകളും ഓൺലൈനായി ലഭ്യമാക്കുന്ന സംവിധാനം നടപ്പാക്കി വരികയാണ്. അദാലത്തുകൾ തുടർച്ചയായി നടത്തുന്നതല്ല സർക്കാർ നയം. ഈ മേഖലയിലെ പ്രശ്നപരിഹാരത്തിനായുള്ള അനുകൂല സമീപനം ഉദ്യോഗസ്ഥരിലുണ്ടാക്കുകയാണ് സർക്കാർ നയം. പിഡബ്ല്യൂഡി റോഡ് ദേശീയപാത എന്നിവയെ ഒഴിവാക്കിയുള്ള റോഡരികിലെ നിർമ്മാണങ്ങൾ സംബന്ധിച്ച പരാതികൾ മാനുഷിക പരിഗണന കൂടി കണക്കിലെടുത്ത് തീർപ്പു കൽപിക്കും. കെട്ടിടനിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച ജനങ്ങൾക്ക് അവബോധം നൽകാൻ ചട്ടങ്ങളടങ്ങിയ കൈപുസ്തകം പുറത്തിറക്കുമെന്നും മന്ത്രി അറിയിച്ചു. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ, മേയർ അജിത വിജയൻ, ജില്ലാ കളക്ടർ എസ് ഷാനവാസ് തുടങ്ങിയവർ പങ്കെടുത്തു.

## എംഎൽഎയുടെയും ജില്ലാ കളക്ടറുടെയും ഇടപെടൽ ഫലം കണ്ടു: പിതാവിന്റെ സംസ്ക്കാര ചടങ്ങിന് സജീഷ് നാട്ടിലേക്ക്

പിതാവിന്റെ മരണാനന്തര ചടങ്ങിൽ പങ്കെടുക്കാനായി നാട്ടിലെത്താൻ സാധിക്കാതെ യുഎഇയിൽ കുടുങ്ങിയ യുവാവ് കൈപ്പമംഗലം എം.എൽ.എ. ഇ.ടി. ടൈസൺ മാസ്റ്ററുടെയും ജില്ലാ കളക്ടർ എസ്.ഷാനവാസിൻേറയും അതിവേഗ ഇടപെടലിന്റെ ഫലമായി നാട്ടിലേക്ക്. എടവിലങ്ങ് ഗ്രാമപഞ്ചായത്ത് കാര ദേശത്ത് കൈതവളപ്പിൽ സജീഷ് യുഎഇയിൽ നിന്ന് നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തുമെന്ന് ബന്ധുക്കൾ അറിയിച്ചു.

ദുബായിൽ സൂപ്പർമാർക്കറ്റിൽ ജോലി ചെയ്തിരുന്ന സജീഷ് വിസ കാലാവധി അവസാനിച്ചതിനെ തുടർന്നും പാസ്പോർട്ട് തൊഴിലുടമയുടെ കൈവശമായതിനാലും താമസസ്ഥലത്തുനിന്നും പുറത്തിറങ്ങാനാവാതെ കഴിയുകയായിരുന്നു. ഇയാളുടെ ഫോൺ ബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടിരുന്നു. ദുബായ് സർക്കാരിൽ പിഴ അടച്ചശേഷം മാത്രം നാട്ടിലെത്താനാവുന്ന സ്ഥിതിയായിരുന്നു. തിങ്കളാഴ്ച്ച രാവിലെയാണ് ഇയാളുടെ പിതാവ് സദാനന്ദൻ മരണപ്പെട്ടത്. വിവരം അറിഞ്ഞ എം.എൽ.എ. നോർക്ക റൂട്സ് സിഇഒയെ ഇക്കാര്യം അറിയിച്ചു. ജില്ലാ കളക്ടർ സജീഷിന്റെ സുഹൃത്തുക്കളായ പ്രയേഷ്, വിപിൻ എന്നിവരുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിച്ചു. തുടർന്ന് തൊഴിലുടമ ഗുജറാത്ത് സ്വദേശി ഭവേഷ് രവീന്ദ്ര ഗോയലുമായി സംസാരിക്കുകയും സജീഷിനെ നാട്ടിലെത്തിക്കാനുള്ള നടപടികളെടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇതേതുടർന്നാണ് തൊഴിലുടമ സജീഷിന് നാട്ടിലെത്താനായി ടിക്കറ്റ് എടുത്തുനൽകുന്നതുൾപ്പടെയുള്ള നടപടികൾ എടുത്തത്. സദാനന്ദന്റെ ശവസംസ്ക്കാരം ചൊവ്വാഴ്ച്ച രാവിലെ 10 മണിക്ക് നടക്കും.

## യോഗം 30 ന്

ഇരിങ്ങാലക്കുട ഉണ്ണായി വാര്യർ സ്മാരക കലാനിലയം ഭരണസമിതി യോഗം ജൂലൈ 30 രാവിലെ 11 ന് കലാനിലയത്തിൽ ചേരും.

# കൊടുങ്ങല്ലൂർ നഗരസഭയുടെ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ അന്തിമഘട്ടത്തിലേയ്ക്ക്

കൊടുങ്ങല്ലൂർ നഗരസഭയുടെ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്ന പദ്ധതി അവസാനഘട്ടത്തിലേയ്ക്ക്. സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ സഹകരണത്തോടെ രണ്ട് വർഷം മുമ്പ് ആരംഭിച്ച പദ്ധതിയാണ് ഇപ്പോൾ പൂർത്തീകരിക്കപ്പെടുന്നത്. വാർഡുകളിൽ നിന്നുള്ള സസ്യ - ജന്തുജാലങ്ങളെ സംബന്ധിച്ച വിവരശേഖരണം നേരത്തെ നടത്തിയിരുന്നു. പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകർ, വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ ചേർന്നാണ് ശ്രമകരമായ വിവരശേഖരണം നടത്തിയത്. വാർഡ് കൗൺസിലർമാർ ഇതിന് നേതൃത്വം നൽകി. പിന്നീട് നഗരസഭയിലെ കാവുകൾ, സവിശേഷതകളുള്ള ആവാസ വ്യവസ്ഥകൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ സാങ്കേതിക സമിതി സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചു. ഇതോടെ പ്രദേശത്തെ കാർഷിക വിളകൾ, ഔഷധസസ്യങ്ങൾ, വൃക്ഷങ്ങൾ, ജന്തുവിഭാഗങ്ങൾ, ഉരഗങ്ങൾ, ഉഭയജീവികൾ, പക്ഷികൾ തുടങ്ങി മുഴുവൻ ജീവജാലങ്ങളുടെയും ശാസ്ത്രീയമായ വിവരങ്ങൾ രേഖപ്പെടുത്തി. പാരമ്പര്യ വൈദ്യൻമാർ, നാട്ടറിവുകൾ എന്നിവയുടെ വിവര ശേഖരണവും പിന്നീട് നടന്നു. പ്രദേശത്തെ ഉത്സവങ്ങൾ, ആഘോഷങ്ങൾ ഇവയ്ക്ക് ജൈവ വൈവിധ്യവുമായുള്ള ബന്ധം, ഉപയോഗം എന്നിവയും രേഖപ്പെടുത്തിയിട്ടുണ്ട്. ചുരുക്കത്തിൽ ഈ രജിസ്റ്റർ നഗരസഭയുടെ പൈതൃകവും ചരിത്രവും സമ്പന്നവുമായ ജൈവ വൈവിധ്യത്തിന്റെ കൃത്യമായ ചിത്രം നൽകുന്നതാണ്.

കെ.കെ.വിജയൻ കൺവീനറായ ജൈവ വൈവിധ്യ സമിതിയാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. കേരള വനം ഗവേഷണ കേന്ദ്രം, കേരള -ഫിഷറീസ്- വെറ്ററിനറി സർവ്വകലാശാലകൾ, എസ് എൻ എം - സെന്റ് തോമസ് കോളേജുകൾ, കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ്, വ്യവസായം, സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുകൾ എന്നിവയുടെ സഹായവും രജിസ്റ്റർ തയ്യാറാക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. രണ്ട് വർഷത്തെ നിരന്തരമായ പരിശ്രമങ്ങൾക്ക് ശേഷം തയ്യാറാക്കിയ ഈ രജിസ്റ്റർ അടുത്തമാസം പകുതിയോടെ പ്രകാശനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്ന് നഗരസഭ ചെയർമാൻ കെ.ആർ.ജൈത്രൻ പറഞ്ഞു. നാട്ടറിവുകൾ, അപൂർവ്വങ്ങളായ ചെടികൾ, ജീവികൾ തുടങ്ങി ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയുന്നവർ നഗരസഭയുമായി ബന്ധപ്പെടണമെന്നും ചെയർമാൻ അഭ്യർത്ഥിച്ചു.

# മണലൂർ ഇനി ക്യാമറ കണ്ണുകളിൽ സുരക്ഷിതം

മണലൂർ പഞ്ചായത്തിലെ അന്തിക്കാട് പോലീസ് സ്റ്റേഷൻപരിധിയിൽ 60 സിസിടിവികൾ സ്ഥാപിക്കുന്ന സുരക്ഷാനയനം പദ്ധതിക്ക് തുടക്കമായി. മുരളി പെരുനെല്ലി എംഎൽഎ ഉദ്ഘാടനം ചെയ്തു. മണലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വിജി ശശി അധ്യക്ഷത വഹിച്ചു. മണലൂർ ഗ്രാമപഞ്ചായത്, ജനമൈത്രി പോലീസ്, ജനമൈത്രി ഫൗണ്ടേഷൻ, കേരള വിഷൻ, കാഞ്ഞാണി ലയൺസ് ക്ലബ് സംയുക്തമായി പൊതുജന പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. അന്തിക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ തിരക്കേറിയതും പ്രശ്നബാധിതവുമായ 60 പ്രദേശങ്ങളിലാണ് എച്ച്ഡി നൈറ്റ് വിഷൻ ഉള്ള അത്യാധുനിക സംവിധാനങ്ങളുള്ള ക്യാമറകൾ 63 ലക്ഷം രൂപ ചിലവിൽ സ്ഥാപിക്കുന്നത്. ഐ ടി എൻജിനീയർ ആയിരുന്ന സിറ്റി പോലീസ് കമ്മീഷണർ യതീഷ് ചന്ദ്ര, സൈബർ സെൽ എന്നിവരുടെ നിർദ്ദേശാനുസരണമാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. മയക്കുമരുന്ന് വ്യാപനം, മോഷണം, മാലിന്യ നിക്ഷേപം, എന്നീ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ പദ്ധതിയിലൂടെ സാധിക്കും. പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലെ പി ടി എ യുടെ സഹകരണത്തോടെ വിദ്യാർത്ഥികളെ കൂടി

സ്റ്റേഷനിൽ സ്ഥാപിക്കുന്ന 42 ഇഞ്ച് മോണിറ്റർ സ്ക്രീനിൽ നിരീക്ഷിക്കാൻ സംവിധാനമൊരുക്കുന്നുണ്ട്.

പ്രളയ കാലത്തു മികച്ച പ്രവർത്തനം കാഴ്ചവെച്ച ചേർപ്പ് പോലിസ് സ്റ്റേഷൻ സീനിയർ പോലീസ് ഇൻസ്പെക്ടർ ശ്രീജിൽ, കാട്ടൂർ സിവിൽ പോലീസ് ഓഫീസർ ടി എസ് മണി, സനീഷ് എന്നിവരെ ജനമൈത്രി ഫൗണ്ടേഷൻ ആദരിച്ചു. സിറ്റി പോലീസ് കമ്മിഷണർ യതീഷ് ചന്ദ്ര, ചാഴൂർ പഞ്ചായത്ത് പ്രസിഡന്റ് ജ്യോതി കനകരാജ്, ഇരിഞ്ഞാലക്കുട ഡി വൈ എസ് പി ഫേമസ് വർഗീസ്, ജനമൈത്രി ഫൌണ്ടേഷൻ ഭാരവാഹികളായ ഡോ. ആന്റണി തോപ്പിൽ, മുരളീധരൻ മേനോത്ത്, കേരളവിഷൻ ഭാരവാഹി പി ബി സുരേഷ്, രാമനുണ്ണി, വിവിധ സംഘടനാ ഭാരവാഹികൾ, പഞ്ചായത്ത് അംഗങ്ങൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

## അദാലത്ത് ഇന്ന് (ജൂലൈ 23)

തൃശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ 2019 മെയ് 31 വരെയുള്ള കെട്ടിട നിർമ്മാണ അനുമതി, റെഗുലറൈസേഷൻ, ഒക്യുപെൻസി/കെട്ടിട നമ്പറിങ് അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാതല അദാലത്ത് നടത്തുന്നു. ഇന്ന് (ജൂലൈ 23) രാവിലെ ഒൻപത് മണി മുതൽ ജില്ലാ ആസൂത്രണഭവൻ ഹാളിലാണ് അദാലത്ത്. ഫോൺ : 0487-2360616.

## കാർഡ് പുതുക്കൽ 24 ന്

പൊയ്യ ഗ്രാമപഞ്ചായത്ത് ആർഎസ്ബിവൈ കാർഡ് പുതുക്കാത്ത ഗുണഭോക്താക്കൾക്ക് ജൂലൈ 24 ന് രാവിലെ 10 മുതൽ വൈകീട്ട് 4 വരെ പഞ്ചായത്ത് ഓഫീസിൽ കാർഡ് പുതുക്കാൻ അവസരം ഉണ്ടായിരിക്കും. ഫോൺ : 0480-2890263.

## മലയാളഭാഷയെ ശ്വാസമായി കൊണ്ടുനടക്കണം: ടി ഡി രാമകൃഷ്ണൻ

മലയാളം നമ്മുടെ ശ്വാസമായി കൊണ്ടുനടക്കണമെന്നും എന്നാൽ മാത്രമേ നമുക്ക് നമ്മെത്തന്നെ പുതുക്കാനാവൂ എന്നും എഴുത്തുകാരൻ ടി ഡി രാമകൃഷ്ണൻ പറഞ്ഞു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്രയുടെ ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഹൈസ്കൂളിലെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സി ആർ ദാസ് അദ്ധ്യക്ഷത വഹിച്ചു. വായനമത്സരം, കാവ്യാലാപനമത്സരം എന്നിവയിൽ വിജയികളായ കുട്ടികൾക്ക് സർട്ടിഫിക്കറ്റും സമ്മാനങ്ങളും നൽകി. എൽഎഫ്സിഎച്ച്എസ് പ്രധാന അധ്യാപിക സി. റോസ്ലെറ്റ്, മലയാളം അധ്യാപിക സിസ്റ്റർ ഗ്രെയ്സ് മരിയ, പിടിഎ പ്രസിഡന്റ് ജെയ്സൺ കരപറമ്പിൽ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ അസിസ്റ്റന്റ് നവനീത് കൃഷ്ണൻ എസ് എന്നിവർ സംസാരിച്ചു. ബാലസാഹിത്യ പുസ്തകങ്ങൾ 50 ശതമാനം വിലക്കിഴിവോടെ കുട്ടികളിലെത്തിക്കുന്ന പുസ്തകമേള അക്ഷരയാത്രയുടെ ഭാഗമാണ്. സ്കൂളിൽ നടക്കുന്ന പുസ്തകമേളയിൽനിന്നും കുട്ടികൾക്ക് പകുതിവിലയ്ക്ക് പുസ്തകങ്ങൾ വാങ്ങാം. മലയാളത്തിനു ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിനെത്തുടർന്ന് 2014ൽ ആരംഭിച്ച അക്ഷരയാത്രാ പദ്ധതിയാണ് ഇപ്പോൾ തൃശ്ശൂർ ജില്ലയിൽ എത്തിയിരിക്കുന്നത്. ജൂലൈ എട്ടു മുതൽ തുടങ്ങിയ യാത്ര ആഗസ്റ്റ് ഒൻപത് വരെ ജില്ലയിൽ തുടരും. ജില്ലയിലെ 20 സ്കൂളുകൾ കേന്ദ്രീകരിച്ചാണ് അക്ഷരയാത്ര നടക്കുന്നത്.

## സമഗ്ര ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കൽ

ചേർപ്പ് ഗ്രാമപഞ്ചായത്തിൽ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗമായവരുടെ കാർഡ് പുതുക്കൽ ജൂലൈ 24, 25 തീയതികളിൽ ചേർപ്പ് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ

രാവിലെ 10 മുതൽ വൈകീട്ട് 5 വരെ നടത്തും. കാർഡ് പുതുക്കാൻ വരുന്നവർ നിലവിലുള്ള കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ്, 50 രൂപ എന്നിവ കൊണ്ടുവരണം.

## സൈക്കോളജി അപ്രന്റീസ് കൂടിക്കാഴ്ച 30 ന്

ചേലക്കര ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ ജീവനി സെന്റർ ഫോർ വെൽബീയിങ് എന്ന പദ്ധതിയുടെ ഭാഗമായി ഈ അദ്ധ്യയന വർഷത്തേക്ക് താൽക്കാലികമായി സൈക്കോളജി അപ്രന്റീസിനെ ആവശ്യമുണ്ട്. റഗുലർ പഠനത്തിലൂടെയ സൈക്കോളജിയിൽ ബിരുദാനന്തരബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ ജൂലൈ 30 ന് രാവിലെ 10.30 ന് കൂടിക്കാഴ്ചയക്ക് കോളേജ് ഓഫീസിൽ എത്തണം. ഫോൺ : 04884-253090.

## ഡിഫ്തീരിയ പ്രതിരോധം യജ്ഞം സംഘടിപ്പിച്ചു

ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡിഫ്തീരിയ പ്രതിരോധ യജ്ഞം സംഘടിപ്പിച്ചു. മഴക്കാലത്ത് ഡിഫ്തീരിയ രോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിലാണ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ് ജീവനക്കാർക്ക് ടീഡി വാക്സിൻ നൽകിയത്. മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. എം എ ആൻഡ്രൂസ് ആദ്യ കുത്തിവെപ്പ് എടുത്ത് ഉദ്ഘാടനം ചെയ്തു. ഡോ. എ എസ് മിനി, ജില്ലാ ആർസിഎച്ച് ഓഫീസർ ഡോ. ഉണ്ണികൃഷണൻ, ആശുപത്രി സൂപ്രണ്ട് ഡോ. ബിജുകൃഷ്ണൻ, ആർഎംഒ ഡോ. സി പി മുരളി, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ സന്തോഷ്, ഡോ. ബിന്ദു അരിക്കൽ തുടങ്ങിയവർ സംസാരിച്ചു. ആഗസ്റ്റ് എട്ടിനകം മെഡിക്കൽ കോളജിലെ മുഴുവൻ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും പ്രതിരോധ കുത്തിവെയപ്പ് നൽകും.

## കമ്പ്യൂട്ടർ കോഴ്സ്

കുന്നംകുളം ലാൽ ബഹാദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി സെന്ററിൽ വിവിധ കമ്പ്യൂട്ടർ കോഴ്സുകളായ ഡിസിഎ (ആറ് മാസം), ഡിസിഎഫ്എ (ആറ് മാസം), ഡിസിഎ (ഒരു വർഷം), പിജിഡിസിഎ (ഒരു വർഷം) എന്നിവ ആഗസ്റ്റ് ഏഴിന് ആരംഭിക്കുന്നു. താത്പര്യമുള്ളവർ ഓഫീസർ ഇൻ ചാർജ്ജ്, എൽബിഎസ് സെന്റർ, ഇഎംഎസ് മുനിസിപ്പൽ ഷോപ്പിങ് കോംപ്ലക്സ്, ഗുരുവായൂർ റോഡ്, കുന്നംകുളം എന്ന വിലാസത്തിൽ ബന്ധപ്പെടുക. എസ്സി, എസ്ടി, ഒഇസി വിഭാഗങ്ങൾക്ക് ഫീസിളവുണ്ട്. ഫോൺ: 04885-211558.

## ബ്ലൂ ആർമി: സംഘാടക സമിതി യോഗം 23 ന്

ജലരക്ഷ-ജീവരക്ഷയുടെ ഭാഗമായി ബ്ലൂ ആർമി ജില്ലാതല ഉദ്ഘാടനത്തിനായുള്ള സംഘാടക സമിതി യോഗം ജൂലൈ 23 ഉച്ചയ്ക്ക് രണ്ടിന് മുരളി പെരുനെല്ലി എംഎൽഎയുടെ അദ്ധ്യക്ഷതയിൽ കാഞ്ഞാണി സിംല ഹാളിൽ ചേരും.